(സി) ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന മദ്യം ഉപയോഗിക്കുന്ന വരുടെ വരുമാനം, വില, കാലാവസ്ഥ മുതലായ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. മഴ തുടങ്ങിയാൽ ബിയറിന്റെ വില്പന തീരെ കുറയും, 2004 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ മദ്യം ഉപയോഗിക്കുന്നവർ കൂടുതൽ മദ്യം വാങ്ങിയതുകൊണ്ടാണ് വില്പന വർദ്ധിച്ചത്.

ബീവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ്, ചെലവ്, വരുമാനം

98 [2818] ശ്രീ. എ. എൻ. രാജൻ ബാബു :
,, ഉമേഷ് ചള്ളിയിൽ :
,, കെ. കെ. ഷാജു :
,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷന്റെ 2002-03, 2003-04 വർഷങ്ങളിലെ വിറ്റുവരവ്, ചെലവ്, വരുമാനം എന്നിവ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ നിന്നും ബോണ്ടഡ് വെയർ ഹൗസുകളിൽ നിന്ന് ലഭിക്കുന്ന വരുമാനവും ചില്ലറ വില്പനശാലകളിൽ നിന്നും ലഭിക്കുന്ന വരുമാനവും ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(സി) ചില്ലറ വില്പനശാലകളിൽ നിന്നും കിസ്ത്, വില്പന നികുതി, വിറ്റുവരവ് നികുതി മുതലായ ഇനങ്ങളിൽ സർക്കാരിന് ലഭിക്കുന്ന വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നികുതികൾ അടച്ചു കഴിഞ്ഞാലും ഷോപ്പുകൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്നും ലാഭകരമാണെങ്കിൽ എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ബി) സംസ്ഥാന ബീവറേജസ് കോർപ്പറേഷന് ബോണ്ടഡ് വെയർ ഹൗസുകളില്ല. കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ ബീവറേജസ് കോർപ്പറേഷൻ വെയർഹൗസുകൾ വഴിയും ചില്ലറ വില്പന ശാലകൾ വഴിയും വില്പന നടത്തിയ മദ്യത്തിന്റെ വിലയുടെ വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(സി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ഡി) 2002-03 വർഷത്തിൽ ആകെയുണ്ടായിരുന്ന 253 ചില്ലറ വില്പന ശാലകളിൽ 38 എണ്ണം ലാഭത്തിലും ബാക്കിയുള്ള 215 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. ഇത്തരത്തിൽ 46.65 കോടി രൂപയുടെ നഷ്ടം ടി വർഷത്തിൽ ചില്ലറ വില്പന ശാലകളിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ 2003-04 വർഷത്തിൽ ആകെയുണ്ടായിരുന്ന

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

305 ചില്ലറ വില്പനശാലകളിൽ 88 എണ്ണം ലാഭത്തിലും 217 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. അതുവഴിയുള്ള നഷ്ടം 34.52 കോടി രൂപയാണ്. ചില്ലറ വില്പനയിൽ ഇങ്ങനെ നഷ്ടം വരാൻ കാരണം വർദ്ധിച്ച കിസ്ത് നിരക്കിനാലാണ്. ഒരു ഷോപ്പിന് ശരാശരി ഒരു വർഷം 51 ലക്ഷം രൂപയാണ് ഈ ഇനത്തിൽ അടക്കേണ്ടിവരുന്നത്. ശരാശരി കിസ്ത് 51 ലക്ഷം രൂപയായിരിക്കേ കിസ്ത് അടക്കുന്നതിനും മറ്റു ചെലവുകൾക്കുമായി മാത്രം ദിവസേന 1,82,000 (ഒരു ലക്ഷത്തി എൺപത്തിരണ്ടായിരം) രൂപയുടെ ശരാശരി വില്പന ഓരോ ഷോപ്പിലും നടക്കേണ്ടിയിരിക്കുന്നു. വ്യാജ മദ്യത്തെ ഇല്ലാതാക്കാനായി കോർപ്പറേഷൻ പല ഷോപ്പുകളും പുതുതായി തുറന്നത് ദിവസ വരുമാനം വളരെ കുറഞ്ഞ മേഖലകളിലാണ്. അതിനാലാണ് ചില്ലറവില്പന ശാലകൾ ഒറ്റക്കൊറ്റയ്ക്ക് എടുത്താൽ ഭൂരിപക്ഷവും നഷ്ടത്തിലാകുന്നത്.

ബീവറേജസ് കോർപ്പറേഷന് ലഭിക്കുന്ന ഇൻസെന്റീവ്

99 [2819] ശ്രീ. ഇ. എം. അഗസ്തി :
,, വി. ജെ. പൗലോസ് :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, വർക്കല കഹാർ :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബീവറേജസ് കോർപ്പറേഷൻ ആരിൽ നിന്നെല്ലാമാണ് മദ്യം വാങ്ങുന്നത്;

(ബി) ബീവറേജസ് കോർപ്പറേഷനു മാത്രം മദ്യ ഉല്പാദകരിൽ നിന്നും ഇൻസെന്റീവ് ലഭിക്കാത്തതെന്തുകൊണ്ടാണെന്ന് പറയുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ബീവറേജസ് കോർപ്പറേഷൻ മദ്യ ഉല്പാദകരിൽ നിന്നും ഇൻസെന്റീവ് വാങ്ങാറില്ല. ഇൻസെന്റീവ് വാങ്ങൽ അഴിമതി നിവാരണ നിയമത്തിന്റെ (Prevention of Corruption Act) പരിധിയിൽ വരുന്നതാണ്. കോർപ്പറേഷൻ രൂപീകരിച്ച് 1984 മുതൽ തന്നെ ഇൻസെന്റീവ് ഇനത്തിൽ ഒരു കമ്പനിയിൽ നിന്നും കോർപ്പറേഷൻ ഒരു തുകയും വാങ്ങിയിട്ടില്ല. അതിന് കാരണം ഒരു പൊതുമേഖലാ സ്ഥാപനം ഇത്തരം പണം വാങ്ങുന്നത് ക്രിമിനൽ കുറ്റമായതു കൊണ്ടുതന്നെയാണ്. ഒരു കരാറിൽ പൊതുവായി ഏർപ്പെട്ടതിനു ശേഷം ഏതെങ്കിലും ചില കമ്പനികളുടെ മാത്രം ഉല്പന്നങ്ങൾ പ്രൊമോട്ടു ചെയ്യുന്നത് ആ കമ്പനികളെ മാത്രം സഹായിക്കുന്നതും വിവേചനാധികാരം അവർക്കുവേണ്ടി മാത്രം ദുരുപയോഗം ചെയ്യുന്നതും ആയി കണക്കാക്കപ്പെടുന്നതാണ്. ഇത് കോമ്പറ്റിഷൻ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. കൂടാതെ ഉപഭോക്താവിന്റെ സ്വാതന്ത്ര്യം ഹനിക്കപ്പെടുകയും, കൂടുതൽ പണം കൊടുക്കാൻ തയ്യാറുള്ള കമ്പനികൾ മാത്രം ഏതു വിധത്തിലുള്ള മോശമായ ഉല്പന്നങ്ങളുമായി മാർക്കറ്റ് അടക്കി

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly